LIBRARY ARCHIVES Kerala Legislative Assembly

അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

129 (2409) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നത്; വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയെന്നും അവയുടെ കരാറുകാർ ആരാണെന്നും വ്യക്തമാക്കാമോ;

(സി) ക്ഷേത്രത്തിൽ നടത്തിയിട്ടുള്ള പ്രവൃത്തികളിൽ ക്രമക്കേടുണ്ടെന്ന് ചൂണ്ടിക്കാട്ടി ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) പരാതികളൊന്നും ലഭിച്ചതായി കാണുന്നില്ല.

ശബരിമലയിലെ സ്ത്രീ പ്രവേശനം

130 (2410) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സുപ്രീം കോടതിയുടെ നിർദ്ദേശം കണക്കിലെടുത്ത് ശബരിമലയിലെ സ്ത്രീ പ്രവേശനത്തെക്കുറിച്ച് സർക്കാർ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ: ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

ഉത്തരം

ശബരിമലയിലെ സ്ത്രീ പ്രവേശനത്തെക്കുറിച്ച് സുപ്രീംകോടതി നിർദ്ദേശങ്ങൾ ഒന്നും നൽകിയിട്ടില്ല. ക്ഷേത്രങ്ങളിലെ ആചാരാനുഷ്ഠാനങ്ങളിൽ അന്തിമ തീരുമാനം എടുക്കുന്നതിനുള്ള അവകാശം അതാതു ക്ഷേത്രങ്ങളിലെ തന്ത്രിമാർക്കും അതാതു ദേവസ്വങ്ങൾക്കുമാണെന്നുള്ളതാണ് സർക്കാർ നിലപാട്. ഇക്കാര്യം സർക്കാർ സുപ്രീംകോടതിയെ അറിയിച്ചിട്ടുണ്ട്. നൂറ്റാണ്ടുകളായി പിൻതുടർന്നുവരുന്ന ആചാരാനുഷ്ഠാനങ്ങൾ മാറ്റുന്നതിനോട് സർക്കാർ യോജിക്കുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.